**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .3709 — 11-11-2019 -ൽ മറുപടിക്ക്

**പ്രളയദുരിത സഹായം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.മഞ്ഞളാംകുഴി അലി**<br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**ശ്രീ.പാറക്കൽ അബ്ദുല്ല**<br>**ശ്രീ. പി.കെ.ബഷീർ** | | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) | 2018 ലുണ്ടായ പ്രളയത്തെത്തുടർന്ന് നാശനഷ്ടമുണ്ടായ എല്ലാവർക്കും അർഹമായ എല്ലാ സഹായവും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി സ്വരൂപിച്ച തുക യഥാസമയം അർഹരായവർക്ക് നൽകാത്തതിന് കാരണമെന്താണ്; വ്യക്തമാക്കാമോ; | (എ) | 2018-ലെ പ്രളയത്തിൽ നാശനഷ്ടങ്ങൾക്കിരയായതും, ധനസഹായം കൈപ്പറ്റുന്നതിന് ആവശ്യമായ രേഖകൾ സമർപ്പിച്ചതുമായ മുഴുവൻ പേർക്കും, നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ശരിയായ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ, റേഷൻ കാർഡ് വിവരങ്ങൾ, ഭൂമിയുടെ / വീടിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ എന്നിവ ഹാജരാക്കാൻ സാധിക്കാതിരുന്നത് മൂലം ചുരുക്കം ചില ആളുകൾക്ക് ധനസഹായം എത്തിക്കുന്നതിൽ കാലതാമസം നേരിട്ടിരുന്നു. |
| (ബി) | പ്രളയപുനരധിവാസവുമായി ബന്ധപ്പെട്ട് സർക്കാരിന്റെ സഹായം ലഭിക്കാത്തതുമായി ബന്ധപ്പെട്ട് ആകെ എത്ര ഹർജികൾ ഹൈക്കോടതിയിൽ നിലവിലുള്ളതായി സർക്കാരിന് അറിവ് ലഭിച്ചിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതി എന്തെല്ലാം നിർദ്ദേശം സർക്കാരിന് നൽകിയിട്ടുണ്ട്; വിശദമാക്കുമോ? | (ബി) | ദുരിതാശ്വാസം സംബന്ധിച്ച് ഒരു ബാച്ച് കേസാണ് കോടതി കേൾക്കുന്നതും, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കാര്യാലയം നേരിട്ട് ഇടപെടുന്നതും. ഒരു നിശ്ചിത ദിവസത്തിനുള്ളിൽ അർഹരായ എല്ലാവർക്കും സഹായം നല്കി തീർക്കണം എന്ന് കോടതി ഈ കേസിൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു |

സെക്ഷൻ ഓഫീസർ